# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3974

20.07.2015-ന് മറുപടിക്ക്

## കാലടി-മഞ്ഞപ്ര റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി - മഞ്ഞപ്ര റോഡിന്റെ 5 കോടി രൂപ അനുവദിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;<br><br>(ബി) ഇതുസംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർ എത്ര തവണ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) & (ബി) ഈ റോഡിന്റെ നിർമ്മാണത്തിനായി 11-02-2014 ൽ ഭരണാനുമതിയും 14-07-2014 ൽ സാങ്കേതികാനുമതിയും നൽകിയിരുന്നു. ഈ പ്രവൃത്തി 3 പ്രാവശ്യം ടെൻഡർ ചെയ്തെങ്കിലും കരാറുകാരിൽ നിന്നും പ്രതികരണമുണ്ടാകാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. 24-01-2015 ന് ക്വട്ടേഷൻ സർക്കാരിൽ ലഭിച്ചു. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരിക്കുന്നത് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 55% ഉയർന്ന തുകയ്ക്കാണ്. ഇതിന് അനുമതി നൽകുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ടെൻഡർ കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്. ഫയൽ സമർപ്പിച്ചപ്പോൾ ചീഫ് ടെക്നിക്കൽ എക്സാമിനർ 30-03-2015 ൽ LMR, Technical Sanction ഇവ സംബന്ധിച്ച ചില വിശദീകരണങ്ങൾ ചീഫ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇത് ലഭ്യമാക്കി എത്രയും പെട്ടെന്ന് ക്വട്ടേഷന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) പൊതുമരാമത്ത്, ധനകാര്യം, ചീഫ് ടെക്നിക്കൽ എക്സാമിനർ തുടങ്ങിയ വകുപ്പുകളിൽ വിശദീകരണം ചോദിച്ചും മറുപടി നൽകിയും നിർമ്മാണ പ്രവർത്തനങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന കാലതാമസം പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; | (സി) നിയമപരമായ നടപടിക്രമങ്ങൾ പാലിക്കുന്നതിന് അനിവാര്യമായ കാലതാമസം ഇക്കാര്യത്തിൽ ഉണ്ടാകുന്നുണ്ട്. എന്നാൽ നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ